"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - എസ്. ഡി. ആർ. എഫ്. പാലക്കാട് ജില്ല - റോഡുകളുടെ പുനരുദ്ധാരണം - ഭരണാനുമതി ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.62/2026/DMD തീയതി,തിരുവനന്തപുരം, 30-01-2026

---

പരാമർശം:-
1. 27.03.2018 ലെ സ. ഉ. (കൈ) നം. 3/2018/ഡി. എം. ഡി
2. 06/11/2025 ലെ സ. ഉ. (സാധാ) നം. 720/2025/ഡി.എം.ഡി
3. ശ്രീ. കെ. പ്രേംകുമാർ (ഒറ്റപ്പാലം ) എം. എൽ. എ. 24.12.2025 തീയതിയിൽ ബഹു. റവന്യൂ മന്ത്രിക്ക് സമർപ്പിച്ച No.6722023/MLA-OTP നമ്പർ നിവേദനം

**ഉത്തരവ്**

എസ്.ഡി.ആർ.എഫ് മാനദണ്ഡ പ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള ശ്രീകൃഷ്ണപുരം പഞ്ചായത്തിലെ തോട്ടര - പുഞ്ചപ്പാടം റോഡ്, ലക്കിടി പേരൂർ പഞ്ചായത്തിലെ പഴക്കാട്ടുപറമ്പ് റോഡ് എന്നീ റോഡ് പ്രവൃത്തികൾക്ക് പരാമർശം (2) ഉത്തരവ് പ്രകാരം പത്ത് ലക്ഷം (10,00,000 ലക്ഷം രൂപ ) രൂപ വീതം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത റോഡുകൾ ചില സാങ്കേതിക പ്രശ്നങ്ങളാൽ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ടി പ്രവൃത്തികൾക്കുള്ള ഭരണാനുമതി റദ്ദ് ചെയ്ത് പകരം പ്രസ്തുത തുക ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ വാർഡ് 6 ൽ പുഴക്കിൽ പടി റോഡ്, ലക്കിടി പ്രേർ ഗ്രാമപഞ്ചായത്തിൽ വാർഡ് 3 ൽ പഞ്ഞാംകോട് -ചടയൻപാറ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾയ്ക്കായി തുക മാറ്റി അനുവദിച്ച് ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

2. പുതുതായി അനുവദിച്ച പ്രവൃത്തി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമാണോ എന്ന് ജില്ലാ കളക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും അനുവദനീയമായ പുനരുദ്ധാരണ പ്രവൃത്തിയുടെ നിർവ്വഹണം മാത്രമാണ് നടപ്പാക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്. പരാമർശം (1) ലെ വ്യവസ്ഥകളും കർശനമായും പാലിക്കേണ്ടതാണ്. ഭരണാനുമതി കാലാവധിക്കകത്ത് പ്രവൃത്തി പൂർത്തിയാക്കുന്നുണ്ടെന്നു ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

3. പരാമർശം (2) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

ജില്ലാ കളക്ടർ, പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം.DMB3/03/2026-DMD)

ഉത്തരവിൻ പ്രകാരം

Signed by
Sindhu L V
സെക്ഷൻ ഓഫീസർ
Date: 02-02-2026 15:15:28

പകർപ്പ്:- ബഹു റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്